"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സൗജന്യ സ്കൂൾ യൂണിഫോം അലവൻസ് പദ്ധതി - 2026-27 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം)വകുപ്പ്

സ.ഉ.(സാധാ) നം.8699/2026/GEDN തീയതി,തിരുവനന്തപുരം, 29-10-2026

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.07.2026 തീയതിയിലെ ഡി.ജി.ഇ/16104/2025-PL 1 നമ്പർ കത്ത്

ഉത്തരവ്

2026 - 27 അദ്ധ്യയനവർഷത്തെ സ്കൂൾ യൂണിഫോം അലവൻസ് പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ₹ 80,34,00,000/- (എൺപത് കോടി മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) 2202-01-102-95 (01) (PV) എന്ന ശീർഷകത്തിൽ അനുവദിച്ചു കൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 അദ്ധ്യയനവർഷത്തെ സ്കൂൾ യൂണിഫോം അലവൻസ് പദ്ധതി ഒരു തുടർപദ്ധതി ആയതിനാലും മറ്റു ഘടകങ്ങളിൽ മാറ്റമില്ലാത്തതിനാലും പ്രസ്തുത പദ്ധതിക്ക്, ' 2202-01-102-95(01) PV ' എന്ന ശീർഷകത്തിൽ ₹ 80,34,00,000/- (എൺപത് കോടി മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
ധനകാര്യവകുപ്പ്(23.10.2026 തീയതിയിലെ 3662865/EDN-A2/307/2026-FIN നമ്പർ അഭിപ്രായപ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Sajitha V
Date: 29-10-2026 14:39:49
സെക്ഷൻ ഓഫീസർ

പകർപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പസ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്